**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2411** **27-02-2023 - ൽ മറുപടിയ്ക്ക്**

**സാമൂഹിക ക്ഷേമ പെൻഷനുകളുടെ ഇൻസെന്റീവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉബൈദുള്ള | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്ത സാമൂഹിക ക്ഷേമ പെൻഷനുകളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ, 50 വയസ്സ കഴിഞ്ഞ അവിവാഹിതകളായ വനിതകൾക്കുള്ള പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ എന്നീ അഞ്ചിനം സാമൂഹ്യ സുരക്ഷാ പെൻഷനുകളാണ് സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുന്നത്. 2022 നവംബർ വരെയുള്ള പെൻഷൻ ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. 2,476,300 ഗുണഭോക്താക്കൾക്കാണ് പ്രതിമാസം സഹകരണ സംഘങ്ങൾ വഴി സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്യുന്നതിന് അനുവാദം നൽകിയിട്ടുള്ളത്. |
| (ബി) | സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുന്ന സാമൂഹിക ക്ഷേമ പെൻഷനുകളുടെ ഇൻസെന്റീവ് കുറയ്ക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവ് പിൻവലിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, മറ്റ് വായ്പാ സംഘങ്ങൾ എന്നിവ മുഖേന സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്യുന്നതിനുള്ള ഇൻസെന്റീവ് പരിഷ്കരിച്ചുകൊണ്ട് 05.01.2023-ൽ സ.ഉ(കൈ) നം. 3/2023/ധന. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ബന്ധപ്പെട്ടവരുമായി ചർച്ച നടത്തിയതിനു ശേഷമാണ് ഇൻസെന്റീവ് പരിഷ്കരിക്കാൻ തീരുമാനിച്ചത്. ബഹു. ഹൈക്കോടതിയിൽ രണ്ട് റിട്ട് പെറ്റീഷനുകൾ നിലനിൽക്കുന്നതിനാൽ ഇത് സംബന്ധിച്ച് മറ്റ് വിശദാംശങ്ങൾ നൽകുവാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ